(ഡി) പദ്ധതി ആരംഭഘട്ടത്തിലായതിനാൽ ഈ സാമ്പത്തിക വർഷം പൂർത്തീകരിക്കാൻ കഴിയുമെന്ന് തോന്നുന്നില്ല. എന്നാലും പദ്ധതി സമയബന്ധിതമായി പൂർത്തിയാക്കാനാവശ്യമായ നടപടികൾ സ്വീകരിക്കുന്നതാണ്.

പുളിക്കക്കടവ് ഇക്കോപാലം, പരിപാലനവും അറ്റകുറ്റപ്പണിയും

335 (2891) ശ്രീ. പി. ശ്രീരാമകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി-പിന്നോക്കസമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പൊന്നാനി ബീയ്യം കായലിന് കുറുകെ പുളിക്കക്കടവിൽ അഞ്ച് വർഷം മുമ്പ് ടൂറിസം വകുപ്പിന്റെ നേതൃത്വത്തിൽ പൂർത്തിയാക്കിയ പുളിക്കക്കടവ് ഇക്കോപാലം കൃത്യമായ പരിപാലനവും അറ്റകുറ്റപണിയും നടത്താത്തതുമൂലം ഇരുമ്പെട്ടുത്തുകൊണ്ടിരിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) എങ്കിൽ അടിയന്തരമായി അത് പരിപാലിക്കുന്നതിന് നടപടി സ്വീകരിക്കുമോ ;

(സി) ഇതിന് സമയാസമയത്ത് ആവശ്യമായ പെയിന്റിംഗും മറ്റ് പ്രവൃത്തികളും നടത്തുന്നതിനും അവ കൃത്യസമയങ്ങളിൽ നടപ്പാക്കുന്നതിനും ബന്ധപ്പെട്ട ഉദ്യോഗസ്ഥർക്ക് ചുമതല നൽകാമോ ?

ഉത്തരം

(എ) ഉണ്ട്.

(ബി&സി) പാലത്തിനാവശ്യമായ അറ്റകുറ്റപ്പണികൾ നടത്തുന്നതിനും പെയിന്റിംഗിനുമായി KEL എസ്റ്റിമേറ്റ് തയ്യാറാക്കി തുടർനടപടികൾക്കായി പൊന്നാനി മുനിസിപ്പാലിറ്റിക്ക് നൽകിയിട്ടുണ്ട്.

പെരുവണ്ണാമൂഴി, കക്കയം ടൂറിസം പദ്ധതികൾ

336 (2892) ശ്രീ. കെ. കുഞ്ഞമ്മത് മാസ്റ്റർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി-പിന്നോക്കസമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പെരുവണ്ണാമൂഴി, കക്കയം ടൂറിസം പദ്ധതികൾക്ക് കേന്ദ്ര-സംസ്ഥാന സർക്കാരുകൾ എത്ര കോടി രൂപ അനുവദിച്ചിരുന്നു എന്ന് വ്യക്തമാക്കുമോ ;

(ബി) അനുവദിച്ച തുകയിൽ എത്ര രൂപ ചെലവഴിച്ചു എന്നും എന്തൊക്കെ കാര്യങ്ങൾക്കാണ് തുക ചെലവഴിച്ചത് എന്നും വ്യക്തമാക്കുമോ ;

LIBRARY ARCHIVES Kerala Legislative Assembly

(സി) അനുവദിച്ച ഇക ചെലവഴിച്ചിട്ടില്ലെങ്കിൽ അതിന്റെ കാരണം വ്യക്തമാക്കുമോ ;

(ഡി) കേന്ദ്ര സർക്കാർ അനുവദിച്ച എത്ര കോടി രൂപ ലാപ്സ് ആയിട്ടുണ്ട് എന്ന് വ്യക്തമാക്കുമോ ;

(ഇ) പ്രസ്തുത ഇക ഈ പദ്ധതിക്ക് വീണ്ടും ലഭിക്കുന്നതിന് എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ ; വ്യക്തമാക്കുമോ ?

ഉത്തരം

(എ-സി) പെരുവണ്ണാമൂഴി-കക്കയം ടൂറിസം വികസന പദ്ധതിക്കായി കേന്ദ്ര ഗവൺമെന്റ് അനുവദിച്ച 5 കോടി രൂപയിൽനിന്നും 4 കോടി രൂപ സംസ്ഥാന സർക്കാരിന് നൽകിയിരുന്നു. എന്നാൽ പദ്ധതി നടപ്പിലാക്കാനുണ്ടായ കാലതാമസംമൂലം മുഴുവൻ ഇകയും കേന്ദ്ര ഗവൺമെന്റിന്റെ നിർദ്ദേശപ്രകാരം തിരിച്ചടക്കുകയുണ്ടായി. പ്രസ്തുത പദ്ധതിക്കായി ബാലൻസ് വർക്ക് എന്ന പേരിൽ സംസ്ഥാന സർക്കാർ 1,91,75,141 രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്.

(ഡി) പദ്ധതിക്കായി റിലീസ് ചെയ്ത മുഴുവൻഇകയായ 4 കോടി രൂപയും തിരിച്ചടയ്ക്കേണ്ടതായി വന്നിട്ടുണ്ട്.

(ഇ) പരിശോധിച്ചുവരുന്നു.

വെള്ളാനിക്കൽ പാറയുടെ സംരക്ഷണം

337 (2893) ശ്രീ. പാലോട് രവി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി-പിന്നോക്കസമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) നെടുമങ്ങാട് നിയോജക മണ്ഡലത്തിലെ വിനോദസഞ്ചാര പ്രാധാന്യമുള്ള വെള്ളാനിക്കൽ പാറയുടെ സംരക്ഷണത്തിന് നടപടി സ്വീകരിച്ചിട്ടുണ്ടോ ;

(ബി) എങ്കിൽ എന്തെല്ലാം പദ്ധതികളാണ് നടപ്പാക്കാൻ ഉദ്ദേശിക്കുന്നത് ; അടങ്കൽ ഇക എത്ര ;

(സി) ഭരണാനുമതി നൽകിയിട്ടുണ്ടോ ; വിശദമാക്കുമോ ;

(ഡി) ഈ സാമ്പത്തിക വർഷം പദ്ധതി പൂർത്തിയാക്കുന്നതിന് നടപടി സ്വീകരിക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly